**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6672** **11-07-2024 - ൽ മറുപടിയ്ക്ക്**

**പത്തനംതിട്ടയിലെ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിൽ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്, പത്തനംതിട്ട ജില്ല) കാറ്റഗറി നമ്പർ 292/2010 എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റിൽ ഒന്നാം റാങ്ക് നേടിയ സിംലാബീഗം എന്ന ഉദ്യോഗാർത്ഥിക്ക് നിയമനം നൽകാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | പത്തനംതിട്ട ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക് - എൽ.പി.എസ്) (കാറ്റഗറി നമ്പർ 292/2010) തസ്തികയിലേയ്ക്ക് ഒഴിവുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതിനാൽ പി.എസ്.സി യിൽ നിന്നും നിയമന ശിപാർശ നൽകിയിട്ടില്ല. നിയമന ശിപാർശയുടെ അഭാവത്തിൽ നിയമനം നൽകുന്നതിന് ചട്ടപ്രകാരം സാധിക്കില്ല. |
| (ബി) | ഇക്കാര്യത്തിൽ ടിയാൾ പൊതുവിദ്യാഭ്യാസ വകുപ്പിൽ ജി.ഇ.ഡി.എൻ.-എസ്.സി.2/243/2023/ ജി.ഇ.ഡി.എൻ. തീയതി 13.12.2023 പ്രകാരം സമർപ്പിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (ബി) | ശ്രീമതി സിംല ബീഗം സമർപ്പിച്ച പരാതി എസ്.സി.2/243/2023/പൊ.വി.വ നമ്പർ ഫയലിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെയും, നിയമവകുപ്പിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചു. കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് ചട്ടം ഭാഗം II ചട്ടം 3(a) ലെ വ്യവസ്ഥ പ്രകാരം പി.എസ്.സി മുഖേന നിയമനം നടക്കുന്ന തസ്തികകളിലെ ആദ്യ നിയമനം പി.എസ്.സി യുടെ നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ ആയിരിക്കണമെന്നും, മറ്റു തരത്തിലുള്ള നിയമനങ്ങൾ നിയമനാധികാരി നിർദിഷ്ടരീതിയിൽ തയ്യാറാക്കിയിട്ടുള്ള യോഗ്യതയുള്ള ഉദ്യോഗാർഥികളുടെ പട്ടികയിൽ നിന്നും ആയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഒരു തസ്തികയിലേക്കുള്ള അംഗീകൃത ഉദ്യോഗാർത്ഥികളുടെ പട്ടികയിൽ (പി.എസ്.സി റാങ്ക് പട്ടിക) ഉൾപ്പെട്ടു എന്നത് കൊണ്ട് മാത്രം ഒരു ഉദ്യോഗാർത്ഥിയ്ക്ക് നിയമനം അവകാശപ്പെടുവാൻ കഴിയില്ല എന്ന് ചട്ടം 3 (b) പ്രകാരം വ്യവസ്ഥ ചെയ്യുന്നുമുണ്ട്. ഈ കേസിൽ പറയപ്പെടുന്ന പത്തനംതിട്ട ജില്ലയിലെ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് അറബിക് ടീച്ചർ തസ്തികയിലെ റാങ്ക് പട്ടികയിൽ ആദ്യ റാങ്കായി ഉൾപ്പെട്ടു എന്നത് കൊണ്ട് മാത്രം, മേൽചട്ടപ്രകാരം, ടി ഉദ്യോഗാർത്ഥിയ്ക്ക് നിയമനം അവകാശപ്പെടുവാൻ സാധിക്കില്ല. റാങ്ക് പട്ടികയുടെ കാലാവധിയ്ക്കുള്ളിൽ വരുന്ന ഒരു ഒഴിവ് |

| | | | |
|---|---|---|---|
| | | | ആണെങ്കിൽ പോലും ടി ഒഴിവ് റൊട്ടേഷൻ ക്രമപ്രകാരം NCA വിഭാഗങ്ങൾക്കാണ് അവകാശപ്പെട്ടിട്ടുള്ളതെങ്കിലും, പ്രസ്തുത ആദ്യ റാങ്കുകാരന് നിയമനം നൽകുവാൻ കഴിയില്ല. മാത്രമല്ല നിയമന ശിപാർശയുടെ അഭാവത്തിൽ നിയമനം നൽകുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ പത്തനംതിട്ടയ്ക്ക് ചട്ടപ്രകാരം സാധിക്കില്ല എന്നതിനാൽ അപ്രകാരം നിയമനം നൽകുന്നതിന് സർക്കാർ നിർദ്ദേശമോ, ഉത്തരവോ ആവശ്യമുണ്ട്. സാധാരണഗതിയിൽ ഇക്കാര്യത്തിൽ KS&SSRs ഭാഗം II ചട്ടം 39 പ്രകാരം പ്രത്യേക കേസായി പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയാണ് ചെയ്യുന്നത്. എന്നാൽ KS&SSRs ഭാഗം II ചട്ടം 39 പ്രകാരം തീരുമാനമെടുക്കാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിലോ, അപ്പീൽ കേസിൽ ബഹു.ഹൈക്കോടതിയുടെ വിധിന്യായത്തിലോ പ്രതിപാദിച്ചിട്ടില്ല.<br><br>ഈ സാഹചര്യത്തിൽ പ്രസ്തുത വിധിന്യായത്തിനെതിരെ SLPC ഫയൽ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ അഡ്വ. ജനറൽ/ ഗവ. പ്ലീഡർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. |
| (സി) | ടിയാൾ കോടതിയിൽ നിന്ന് അനുകൂലമായ വിധി നേടിയിട്ടും ജോലി നൽകാൻ കഴിയാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ? | (സി) | ശ്രീമതി സിംല ബീഗം സമർപ്പിച്ച പരാതി എസ്.സി.2/243/2023/പൊ.വി.വ നമ്പർ ഫയലിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെയും, നിയമവകുപ്പിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചു. കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് ചട്ടം ഭാഗം II ചട്ടം 3(a) ലെ വ്യവസ്ഥ പ്രകാരം പി.എസ്.സി മുഖേന നിയമനം നടക്കുന്ന തസ്തികകളിലെ ആദ്യ നിയമനം പി.എസ്.സി യുടെ നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ ആയിരിക്കണമെന്നും, മറ്റു തരത്തിലുള്ള നിയമനങ്ങൾ നിയമനാധികാരി നിർദിഷ്ടരീതിയിൽ തയ്യാറാക്കിയിട്ടുള്ള യോഗ്യതയുള്ള ഉദ്യോഗാർഥികളുടെ പട്ടികയിൽ നിന്നും ആയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഒരു തസ്തികയിലേക്കുള്ള അംഗീകൃത ഉദ്യോഗാർത്ഥികളുടെ പട്ടികയിൽ (പി.എസ്.സി റാങ്ക് പട്ടിക) ഉൾപ്പെട്ടു എന്നത് കൊണ്ട് മാത്രം ഒരു ഉദ്യോഗാർത്ഥിയ്ക്ക് നിയമനം അവകാശപ്പെടുവാൻ കഴിയില്ല എന്ന് ചട്ടം 3 (b) പ്രകാരം വ്യവസ്ഥ ചെയ്യുന്നുമുണ്ട്. ഈ കേസിൽ പറയപ്പെടുന്ന പത്തനംതിട്ട ജില്ലയിലെ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് അറബിക് ടീച്ചർ തസ്തികയിലെ റാങ്ക് പട്ടികയിൽ ആദ്യ റാങ്കായി ഉൾപ്പെട്ടു എന്നത് കൊണ്ട് മാത്രം, മേൽചട്ടപ്രകാരം, ടി ഉദ്യോഗാർത്ഥിയ്ക്ക് |

| | | | |
|---|---|---|---|
| | | | നിയമനം അവകാശപ്പെട്ടുവാൻ സാധിക്കില്ല. റാങ്ക് പട്ടികയുടെ കാലാവധിയ്ക്കുള്ളിൽ വരുന്ന ഒരു ഒഴിവ് ആണെങ്കിൽ പോലും ടി ഒഴിവ് റൊട്ടേഷൻ ക്രമപ്രകാരം NCA വിഭാഗങ്ങൾക്കാണ് അവകാശപ്പെട്ടിട്ടുള്ളതെങ്കിലും, പ്രസ്തുത ആദ്യ റാങ്കുകാരന് നിയമനം നൽകുവാൻ കഴിയില്ല. മാത്രമല്ല നിയമന ശിപാർശയുടെ അഭാവത്തിൽ നിയമനം നൽകുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ പത്തനംതിട്ടയ്ക്ക് ചട്ടപ്രകാരം സാധിക്കില്ല എന്നതിനാൽ അപ്രകാരം നിയമനം നൽകുന്നതിന് സർക്കാർ നിർദ്ദേശമോ, ഉത്തരവോ ആവശ്യമുണ്ട്. സാധാരണഗതിയിൽ ഇക്കാര്യത്തിൽ KS&SSRs ഭാഗം II ചട്ടം 39 പ്രകാരം പ്രത്യേക കേസായി പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയാണ് ചെയ്യുന്നത്. എന്നാൽ KS&SSRs ഭാഗം II ചട്ടം 39 പ്രകാരം തീരുമാനമെടുക്കാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണലിന്റെ ഉത്തരവിലോ, അപ്പീൽ കേസിൽ ബഹു.ഹൈക്കോടതിയുടെ വിധിന്യായത്തിലോ പ്രതിപാദിച്ചിട്ടില്ല.<br><br>ഈ സാഹചര്യത്തിൽ പ്രസ്തുത വിധിന്യായത്തിനെതിരെ SLPC ഫയൽ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ അഡ്വ. ജനറൽ/ ഗവ. പ്ലീഡർക്ക് നീർദ്ദേശം നൽകിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ